"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ഹെൽത്ത് സർവീസസ് -ജീവനക്കാര്യം- ആരോഗ്യ വകുപ്പിൽ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ടൈനി ജോൺ-ന് ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.800/2026/H&FWD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. ശ്രീമതി.ടൈനി ജോൺ സമർപ്പിച്ച 03/09/2022, 22/09/2023 തീയതികളിലെ അപേക്ഷകൾ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.03.2023, 24/08/2023 തീയതികളിലെ എം.ആർ 4-52726/2022/ആ.വ.ഡ. നമ്പർ കത്തുകൾ
3. സ.ഉ (പി) 100/2024/ധന തീയതി 22/11/2024
4. ശ്രീമതി.ടൈനി ജോൺ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A [EKM] NO 86 /2026 നമ്പർ കേസ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ വയനാട് മുള്ളൻകൊല്ലി, പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി.ടൈനി ജോൺ-ന്റെ ഭർത്താവിന്റെ Chronic Liver Disease (Liver transplantation) ചികിത്സ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ 22/06/2022 മുതൽ 16/07/2022 വരെ നടത്തിയതിന് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പ്രത്യേക അനുമതിക്കായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ചികിത്സയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധരേഖകളും പരിശോധിച്ച് 14,92,965/-രൂപ (പതിനാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ചു് രൂപ മാത്രം) അനുവദനീയ തുകയായി അറിയിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ടൈനി ജോൺ -ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് 22/06/2022 മുതൽ 16/07/2022 വരെ കോഴിക്കോട് ബേബി

മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 14,92,965/- രൂപയുടെ 80% ആയ 11,94,372/- രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി മുന്നൂറ്റിയെഴുപത്തിരണ്ട് രൂപ മാത്രം) പരാമർശം (3) ഉത്തരവിലെ ക്രമ നം. (4) പ്രകാരം പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ടൈനി ജോൺ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ (റിട്ടയർഡ്) കരമയിൽ വീട്, കേണിച്ചിറ പി.ഒ, വയനാട്, 673596.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യകേന്ദ്രം, മുള്ളൻകൊല്ലി, പാടിച്ചിറ പി.ഒ., വയനാട്- 673 579 (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം, തരിയോട്, വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് (02/02/2026 -ലെ എൽ 1/ 192/2023-ധന നമ്പർ പ്രകാരം)
കരുതൽ ഫയൽ (C1/63/2023/H&FWD)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 27-02-2026 12:31:46
സെക്ഷൻ ഓഫീസർ